**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2517

20.06.12ൽ മറുപടിയ്ക്ക്

## വയനാട് ജില്ലയിലെ ടൂറിസം വികസനത്തിന് സ്വീകരിച്ച നടപടികൾ

| ചോദ്യം<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ഉത്തരം<br>ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വയനാട് ജില്ലയിലെ ടൂറിസം വികസനത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം വയനാട് ജില്ലയിലെ ടൂറിസം വികസനത്തിനായി ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>1. കാരാപ്പുഴ ഡാം പരിസരത്തിന്റെ ടൂറിസം വികസനം<br>2. പൂക്കോട് തടാകത്തോടനുബന്ധിച്ച ടൂറിസം കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനം<br>3. മാവിലാന്തോടിലെ പഴശ്ശിരാജ സ്മാരക വികസനത്തിന്റെ ഒന്നാം ഘട്ടം<br>4. കബനീതീരം എന്ന പേരിൽ പനമരത്ത് ടൂറിസം ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണം<br>5. ഇടയ്ക്കൽ ഗുഹയിലേയ്ക്കുള്ള രണ്ടാം പാതയുടെ നിർമ്മാണവും നിലവിലുള്ള സൗകര്യങ്ങളുടെ വികസനവും<br>ഈ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ജില്ലയിലെ ടൂറിസം വികസനത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) വയനാട് ജില്ലയ്ക്ക് വേണ്ടിയുള്ള പുതിയ പദ്ധതികൾ ഒന്നും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടില്ല. |
| (സി) നടപ്പു സാമ്പത്തിക വർഷം ജില്ലയിലെ ടൂറിസം വികസനത്തിനായി അനുവദിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ? | (സി) 50 ലക്ഷം രൂപാ ചെലവിൽ ഇടയ്ക്കൽ ഗുഹയിലേയ്ക്കുള്ള രണ്ടാമത്തെ പാതയുടെ നിർമ്മാണവും ഫെസിലിറ്റേഷൻ സെന്ററിന്റെ നവീകരണത്തിനും 1350,000 രൂപാ ചെലവിൽ ക്ളീൻ ഡെസ്റ്റിനേഷൻ പദ്ധതിയ്ക്കും വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ